Malappuram District Police

# ഹൈടെക് സൈബർ തട്ടിപ്പ് : കാമറൂൺ സ്വദേശിയെ അറസ്റ്റ് ചെയ്തു

**മഞ്ചേരി: (12.03.2019)**

ഹൈടെക് സാങ്കേതിക വിദ്യകളുപയോഗിച്ച് വിവിധ രീതിയിലുള്ള ഓൺലൈന് തട്ടിപ്പുകള് നടത്തിവരികയായിരുന്ന സംഘത്തില് ഒളിവിലായിരുന്ന കാമറൂൺ നോർത്ത് വെസ്റ്റ് റീജ്യന് സ്വദേശിയായ ഫിദല് അതൂദ് ണ്ടയോങ് (37 വയസ്സ്) എന്നയാളെ മഞ്ചേരി പോലീസ് കഴിഞ്ഞ ദിവസം ഹൈദരാബാദ് ശംഷാബാദില് നിന്നും അറസ്റ്റ് ചെയ്തു.

ഇടക്കിടെ താമസസ്ഥലം മാറുന്ന പ്രതി മഞ്ചേരി പോലീസ് മുമ്പ് മൂന്ന് തവണ നടത്തിയ ഓപ്പറേഷനുകളിൽ നിന്നും രക്ഷപ്പെട്ടിരുന്നു.

സ്റ്റുഡന്റ് വിസയില് ഇന്ത്യയില് വന്ന പ്രതി നിലവില് വിസ പുതുക്കാതെ അനധികൃതമായാണ് രാജ്യത്ത് തങ്ങുന്നത്.

സൈബർ കുറ്റവാളികളെ പിടികൂടാന് മഞ്ചേരി പോലീസ് സൈബര് ഫോറൻസിക് ടീം നടത്തുന്ന ഓപ്പറേഷനിലൂടെയാണ് പ്രതി പിടിയിലായത്.

ഓൺലൈന് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കാമറൂണ്, നൈജീരിയ സ്വദേശികളടക്കം പത്ത് പേരെയാണ് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റര് ചെയ്ത രണ്ട് കേസുകളിലായി കഴിഞ്ഞ എട്ട് മാസത്തിനിടെ അറസ്റ്റ് ചെയ്തത്. ഇതര സംസ്ഥാനങ്ങളിലുള്ളവരും, മറ്റ് രാജ്യക്കാരും ഇവരുടെ തട്ടിപ്പിനിരയായിട്ടുണ്ടെന്ന് സൂചനകൾ ലഭിച്ചിട്ടുണ്ട്.

കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക തട്ടിപ്പുകൾ പ്രതിയുൾപ്പെട്ട സംഘം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളില് പഠനം നടത്താനെന്ന മട്ടിൽ വിസ സംഘടിപ്പിച്ച് വരുന്ന ഇത്തരം തട്ടിപ്പുകാര് കോളേജുകളിൽ കൃത്യമായി പോകാതെ കുറ്റകൃത്യങ്ങളില് ഏർപ്പെട്ട് ധനാപഹരണം നടത്തുകയാണ് ചെയ്യുന്നത്.

മഞ്ചേരിയിലെ ഒരു മെഡിക്കൽ മൊത്തവിതരണ സ്ഥാപനത്തിന്റെ പേരും റസീപ്റ്റുകളും വെബ്സൈറ്റും മറ്റും ഉപയോഗിച്ച് ആരോ വിവിധ ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്ത് പണം തട്ടിയെന്ന് പറഞ്ഞ് ഇതര സംസ്ഥാനത്തിലെ ഒരാൾ പരാതിക്കാരനെ ബന്ധപ്പെട്ടതിനെ തുടർന്ന് നൽകിയ കേസിന്റെ അന്വേഷണത്തിലാണ് പ്രതി പിടിയിലാകുന്നത്.

മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാറിന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി ജലീൽ തോട്ടത്തില്, സിഐ എൻ.ബി. ഷൈജു എന്നിവരുടെ മേൽനോട്ടത്തിൽ സൈബർ ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീം അംഗങ്ങളായ ഷഹബിന്, സൽമാന്, എം.പി. ലിജിൻ എന്നിവരാണ് ഹൈദരാബാദില് നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.

മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയില് ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

*************************************************************

പ്രതികളുടെ അറസ്റ്റ് - നാൾവഴിയിലൂടെ:

2018 ആഗസ്ത് : സംഘത്തിലെ കമ്പ്യൂട്ടർ ആന്റ് നെറ്റ് വർക്കിംഗ് വിഭാഗം കൈകാര്യം ചെയ്യുന്ന കാമറൂൺ സ്വദേശികളായ അകുംബെ ബോമ ഞ്ചിവ, ലാഞ്ജി കിലിയൻ കെങ് എന്നിവരെ ഹൈദരാബാദില് നിന്നും അറസ്റ്റ് ചെയ്തു.

2018 സെപ്തംബര് : സംഘത്തിന് പണം കൈപ്പറ്റാൻ സഹായിക്കുന്ന രാജസ്ഥാൻ സ്വദേശികളായ മുകേഷ് ചിപ്പ, സന്ദീപ് മൊഹീന്ദ്ര എന്നിവരെ രാജസ്ഥാനിലെ ചിറ്റോർഡഗില് നിന്നും അറസ്റ്റ് ചെയ്തു.

2018 ഒക്ടോബര് : സംഘത്തിലെ പണം കൈമാറുന്ന ഇടനിലക്കാരൻ നൈജീരിയൻ സ്വദേശി ഇദുമെ ചാൾസ് ഒന്യാമയേച്ചി എന്നയാളെ മഹാരാഷ്ട്രയിലെ വിരാറിൽ നിന്നും അറസ്റ്റ് ചെയ്തു.

2018 ഡിസംബര് : സംഘത്തിലെ കമ്പ്യൂട്ടർ ആന്റ് നെറ്റ് വർക്കിംഗ് വിഭാഗം കൈകാര്യം ചെയ്യുന്ന കാമറൂൺ സ്വദേശികളായ വെർദി ടെൻയ ണ്ടയോങ്, ഡോഹ് കെന്റിന് ന്വാൻസുവ എന്നിവരെ ഹൈദരാബാദില് നിന്നും അറസ്റ്റ് ചെയ്തു.

2019 ജനുവരി : സംഘത്തിലെ കമ്പ്യൂട്ടർ ആന്റ് നെറ്റ് വർക്കിംഗ് വിഭാഗം കൈകാര്യം ചെയ്യുന്ന കാമറൂൺ സ്വദേശിയായ മൈക്കിള് ബൂൻവി ബോൻവ എന്നയാളെ ഹൈദരാബാദിൽ നിന്നും അറസ്റ്റ് ചെയ്തു.

2019 ഫെബ്രുവരി : സംഘത്തിലെ സൈബർ ആന്റ് ഹവാല വിഭാഗം കൈകാര്യം ചെയ്യുന്ന കോർഡിനേറ്റര് കൂടിയായ നൈജീരിയന് സ്വദേശി ഒച്ചുബ കിങ്സ്ലി ഉഗോണ്ണ എന്ന കിങ്സ്റ്റൺ ദുബെ എന്നയാളെ ഡൽഹിയില് നിന്നും അറസ്റ്റ് ചെയ്തു.

2019 മാർച്ച് : സംഘത്തിന്റെ കോർഡിനേറ്ററും രക്ഷാധികാരിയുമായ കാമറൂണ് സ്വദേശി ഫിദൽ അതൂദ് ണ്ടയോങ് എന്നയാളെ ഹൈദരാബാദില് നിന്നും അറസ്റ്റ് ചെയ്തു.

***************************************************

പ്രതികൾക്കെതിരെ മഞ്ചേരി പോലീസ് സ്റ്റേഷനില് രജിസ്റ്റര് ചെയ്തത് രണ്ട് കേസുകളാണ്. ഒരു കേസിൽ കുറ്റപത്രം കോടതിയില് സമർപ്പിച്ചു.

ഗുജറാത്ത്, ആന്ധ്രപ്രദേശ്, ഗോവ തുടങ്ങി വിവിധ സംസ്ഥാന പോലീസ് പ്രതികളുടെ പേരിൽ തുടർനടപടികള് സ്വീകരിക്കുന്നുണ്ട്.

കേരളത്തിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലും പ്രതികൾക്കെതിരെ കേസുണ്ട്.

***************************************************

വ്യാജ ഫേസ്ബുക്ക് പ്രൊഫൈല് വഴി സൌഹൃദം സ്ഥാപിച്ച് പണം തട്ടിയതിന് കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റര് ചെയ്ത കേസില് പ്രതിയായ നൈജീരിയൻ സ്വദേശിയായ ഡാനിയേല് അമാലുന്യൂസ് എന്നയാളെ ഡൽഹി ബുരാഡി എന്ന സ്ഥലത്തു നിന്നും, ആപ്പിൾ ഐഫോണ് കുറഞ്ഞ വിലക്ക് നൽകാമെന്ന് പറഞ്ഞ് പണം തട്ടിയ കേസില് പ്രതിയായ നൈജീരിയന് വംശജൻ ഇമ്മാനുവല് ആർച്ചിബോംഗ് എന്നയാളെ ഡൽഹി മെഹ്റോളിയില്

നിന്നും, ഒടിപി വാങ്ങി പണം തട്ടിയ കേസിൽ പ്രതികളായ ജാർഖണ്ഡ് സ്വദേശികളായ ആശാദേവി, ബദ്രി മണ്ടൽ എന്നിവരെ ജാർഖണ്ഡ് ജാംതാരയില് നിന്നും, ഒഎൽഎക്സ് വഴി വിൽപനക്ക് വെച്ച പ്ലേസ്റ്റേഷന് വാങ്ങാമെന്ന് പറഞ്ഞ് പണം തട്ടിയ കേസിലെ പ്രതിയായ നൈജീരിയൻ സ്വദേശിനി ബെല്ലോ പമിലെറിൻ ഡെബോറ എന്നയാളെ ബാംഗ്ലൂരില് നിന്നും അറസ്റ്റ് ചെയ്തതും ഇതേ പോലീസ് ഉദ്യോഗസ്ഥരടങ്ങിയ സംഘമാണ്.